ദീപിക

22 September 2017

# മണ്ണില്ലാ നടീൽ മിശ്രിതം വൻഹിറ്റ്

**കൊച്ചി:** കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിനു (സിഎംഎഫ്ആർഐ) കീഴിലെ എറണാകുളം കൃഷി വിജ്ഞാന കേന്ദ്രം വികസിപ്പിച്ച പുതിയ മണ്ണില്ലാ നടീൽ മിശ്രിതം വൻഹിറ്റ്. മണ്ണിന് പകരമായി ഉപയോഗിക്കാവുന്ന പോഷക സമ്പുഷ്ടമായ നടീൽ മിശ്രിതം പൊതുജനങ്ങൾക്കായി പരിചയപ്പെടുത്തുന്നതിനു വേണ്ടി സംഘടിപ്പിച്ച വിപണമേളയിൽ വൻതിരക്കാണ് അനുഭവപ്പെട്ടത്.

ആയിരത്തോളം പേർ മിശ്രിതം വാങ്ങാനായി സിഎംഎഫ്ആർഐയിൽ എത്തി. അയ്യായിരത്തോളം പായ്ക്കറ്റുകൾക്ക് മുൻകൂർ ബുക്കിംഗ് ലഭിച്ചിട്ടുണ്ട്. നഗരപ്രദേശങ്ങളിൽ ജൈവകൃഷി ചെയ്യുന്നവർക്ക് ഏറെ അനുഗ്രഹമാണ് കെവികെ വികസിപ്പിച്ച പുതിയ നടീൽ മിശ്രിതം. പത്ത് കിലോയുടെ ഒരു പായ്ക്കറ്റിൽ ഗ്രോബാഗ് ഇല്ലാതെ തന്നെ നേരിട്ട് കൃഷി ചെയ്യാം. ഒരു പായ്ക്കറ്റിൽ ഒരു തൈ എന്ന നിരക്കിലാണ് കൃഷി ചെയ്യേണ്ടത്. മിശ്രിതം വ്യാവസായികാടിസ്ഥാനത്തിൽ ഉത്പാദനം നടത്താൻ താൽപര്യമറിയിച്ചും നിരവധി പേർ മേളയിലെത്തി. സംരംഭകരാകാൻ താൽപര്യമറിയിച്ചവർക്ക് കൃഷി വിജ്ഞാന കേന്ദ്രത്തിനു കീഴിൽ പരിശീലനം നൽകും. ആവശ്യക്കാരുടെ എണ്ണം വർധിച്ച സാഹചര്യത്തിൽ മണ്ണില്ലാ നടീൽ മിശ്രിതം ആളുകളിലെത്തിക്കാൻ 26നു വീണ്ടും വിപണമേള നടത്തുമെന്നു കൃഷി വിജ്ഞാന കേന്ദ്രം മേധാവി ഡോ ഷിനോജ് സുബ്രഹ്മണ്യൻ അറിയിച്ചു.



എറണാകുളം കൃഷി വിജ്ഞാന കേന്ദ്രം വികസിപ്പിച്ചെടുത്ത മണ്ണില്ലാ നടീൽ മിശ്രിതം വാങ്ങാനെത്തിയവരുടെ തിരക്ക്.